# ഇലക്ടേഴ്സ് വേരിഫിക്കേഷൻ പ്രോഗ്രാം(EVP)

1. എന്താണ് **EVP (ELECTOR VERIFICATION PROGRAMME)** (സമ്മതിദായക വിവര പരിശോധനാ യജ്ഞം)

   ഓരോ വോട്ടർക്കും തന്നെക്കുറിച്ചുള്ള വിവരങ്ങൾ ഓൺലൈനിൽ സ്വയം പരിശോധിച്ച് കൃത്യത ബോധ്യപ്പെടുന്നതിനും അപാകതകളോ തെറ്റുകളോ ഉണ്ടെങ്കിൽ തിരുത്തുന്നതിനുമായി തെരെഞ്ഞെടുപ്പ് കമ്മീഷൻ 30.11.2019 വരെ ഒരുക്കിയിരിക്കുന്ന സംവിധാനമാണ് ഇ.വി.പി.

2. **EVP** യിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്

   പേര്, മേൽവിലാസം, ജനനതീയതി മുതലായ വോട്ടർപട്ടികയിലെ വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്താനാകും. പട്ടികയിലെ പഴയ ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോമാറ്റി പുതിയ കളർഫോട്ടോയിൽ പുതിയ തിരിച്ചറിയൽ കാർഡ് ലഭ്യമാകും

3. എതെല്ലാം മാർഗ്ഗത്തിലൂടെ വോട്ടർക്ക് വേരിഫിക്കേഷൻ നടത്താം.

   - വോട്ടർ ഹെൽപ്പ് ലൈൻ മൊബൈൽ ആപ്പ്
   - നാഷണൽ വോട്ടേഴ്സ് സർവ്വീസ് പോർട്ടൽ (NVSP.IN)
   - അക്ഷയ സെന്റർ / കോമൺ സർവ്വീസ് സെന്റർ മുഖേന.
   - താലൂക്ക് ഓഫീസുകളിൽ പ്രവർത്തിക്കുന്ന വോട്ടർ സഹായകേന്ദ്രങ്ങൾ മുഖേന.
   - ജില്ലാകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഇലക്ഷൻ കോൾ സെന്റർ (1950) മുഖേന.( അംഗപരിമിതർക്കുമാത്രം)